# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4754

27-06-2014 ൽ മറുപടിയ്ക്ക്

## തരിശായിക്കിടക്കുന്ന നെൽപ്പാടങ്ങളുടെ വികസനം

**ചോദ്യം**

ശ്രീ.രാജു എബ്രഹാം

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തരിശായിക്കിടക്കുന്ന നെൽപ്പാടങ്ങളുടെ വിസ്തൃതി എത്രയെന്ന് കണക്കാക്കി യിട്ടുണ്ടോ; | (എ) | നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തയ്യാറാക്കിയ കരട് ഡാറ്റാ ബാങ്ക് കുറ്റമറ്റതാക്കി തീർക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ തരിശു ഭൂമി സംബന്ധിച്ചുള്ള വ്യക്തമായ കണക്കുകൾ ലഭിക്കുകയുള്ളൂ. |
| (ബി) | ത്രിതല പഞ്ചായത്തു കളുടെ സഹകരണ ത്തോടെ തരിശായി കിടക്കുന്ന നെൽപ്പാട ങ്ങളിൽ കൃഷിയിറക്കു ന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതനു സരിച്ച് നെൽക്കൃഷി യിറക്കാൻ കഴിഞ്ഞി ട്ടുള്ളത് ഏതൊക്കെ സ്ഥലങ്ങളിൽ; എത്ര ഏക്കർ സ്ഥലത്ത്; വിശദാംശ ങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. 2014-2015 വർഷത്തേക്കായി ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 15000/- രൂപ സബ്സിഡി നിരക്കിൽ നെൽകൃഷി ചെയ്യുന്നതിനുള്ള 232.50 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി യിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കു ന്നത്. 2011-2012 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു. ആയതിനായി 246.37 ലക്ഷം രൂപ ചെലവഴി ക്കുകയുണ്ടായി. 2012-2013 വർഷം ആകെ 1373.4 ഹെക്ടർ തരിശുഭൂമി 321.27 ലക്ഷം രൂപ ചെലവഴിച്ച് നെൽകൃഷി ചെയ്യുകയുണ്ടായി. 2013-2014 വർഷം 1903.95 ഹെക്ടർ തരിശുനില ങ്ങളിൽ 566.33 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ